LIBRARY ARCHIVES Kerala Legislative Assembly

പെരുമ്പാവൂർ മുതൽ കോതമംഗലം വരെയുള്ള റോഡ് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി പുനഃരുദ്ധരിക്കാൻ നടപടി

124 [1354] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ റോഡിൽ പെരുമ്പാവൂർ മുതൽ കോതമംഗലം വരെയുള്ള റോഡ് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി പുനഃരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച പ്രാഥമിക സർവ്വേയോ പഠനമോ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(സി) എറണാകുളം ജില്ലയിൽ പുതുതായി കെ. എസ്. ടി. പി.-യിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഹെവി മെയിന്റനൻസ് വിഭാഗത്തിൽ പോഞ്ഞാശ്ശേരി-ചിത്രപ്പുഴ (20 കി. മീ.) വൈപ്പിൻ-പള്ളിപ്പുറം (25.5 കി. മീ.) റോഡുകളും അപ്ഗ്രഡേഷൻ വിഭാഗത്തിൽ മൂവാറ്റുപുഴ-തൊടുപുഴ, മൂവാറ്റുപുഴ-അങ്കമാലി എന്നീ റോഡുകളും ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിന്റെ ഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കെ. എസ്. ടി. പി.-യിൽ ഉൾപ്പെടുത്തിയിരുന്ന ആലുവ-കോതമഗംലം (17 കി. മീ.) റോഡിന്റെ മെയിന്റനൻസ് പണികൾ പൂർത്തിയായി.

നായാടിപ്പൊയിൽ-നിലമ്പൂർ റോഡിന്റെ പണി

125 [1355] ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയും കോഴിക്കോട് ജില്ലയും കൂട്ടിയോജിപ്പിക്കുന്ന നായാടിപ്പൊയിൽ-നിലമ്പൂർ റോഡിന്റെ പണി തുടങ്ങിയോ;

(ബി) ഈ റോഡിന്റെ പണി എന്നു തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്;